"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കങ്ങഴ, നെടുങ്കുന്നം, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾക്കായി പഞ്ചായത്തുകളുടെ അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക ജലജീവൻ മിഷൻ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.579/2022/LSGD തീയതി,തിരുവനന്തപുരം, 10-03-2022

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 07/01/2022 ലെ PAN/16244/2021-J6(DP) നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ന് നടന്ന (ഓൺലൈൻ) യോഗത്തിന്റെ നടപടിക്കുറിപ്പിലെ ഇനം 4.23.

**ഉത്തരവ്**

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കങ്ങഴ,നെടുങ്കുന്നം, കറുകച്ചാൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പദ്ധതിക്കായി ലഭിച്ച തുകയിൽ ബാക്കിയുള്ള തുക ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള ടാങ്ക്, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനായി കങ്ങഴ, നെടുങ്കുന്നം ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2 പരാമർശം (2) ലെ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം കങ്ങഴ ഗ്രാമപഞ്ചായത്തിന് ജലനിധി പദ്ധതിക്കായി ലഭിച്ച തുകയിൽ പലിശ ഇനത്തിൽ എസ്.ബി.ഐ പത്തനാട് ശാഖയിൽ ബാക്കിയുള്ള 6,10,000/- രൂപ (ആറുലക്ഷത്തി പതിനായിരം രൂപ മാത്രം) പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയ്ക്കായി സ്ഥലം വാങ്ങുവാൻ അനുമതി നല്കിയും, കൂടാതെ നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് 2015-16, 2016—17, 2017-18 വർഷങ്ങളിൽ ജലനിധി പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് CFC ഫണ്ടിൽ നിന്നു നൽകിയിരുന്നെങ്കിലും ചെലവഴിക്കാതെ ശേഷിക്കുന്ന 67,63,587/- രൂപയും (അറുപത്തിഏഴ് ലക്ഷത്തി അറുപത്തിമൂവായിരത്തി അഞ്ഞൂറ്റി എമ്പത്തിയേഴ രൂപ മാത്രം), 2013-14, 2014-15 വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് കൊട്ടുങ്ങാലൂർചിറ മിനി വാട്ടർ സപ്ലൈ സ്കീമിനായി KWA യിൽ ഡിപ്പോസിറ്റ് ചെയ്തിരുന്ന 11.00 ലക്ഷം രൂപ (പതിനൊന്ന് ലക്ഷം രൂപ മാത്രം) (വികസനഫണ്ട്) തിരികെ അനുവദിക്കുന്നതിനും ഇതു കൂടി ചേർത്ത് ട്രീറ്റ്മെന്റ് പ്ലാന്റിനും ടാങ്കിനുമായി സ്ഥലം വാങ്ങാൻ ഉപയോഗിക്കുന്നതിന് നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, കഞ്ചഴ/നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 11-03-2022 10:15:18
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്.
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.